This Question Paper consists of 76 questions and 8 printed pages.
ഈ ചോദ്യപേപ്പറിൽ 76 ചോദ്യങ്ങളും, 8 അച്ചടിച്ച പുറങ്ങളും ഉണ്ട്.

Roll No.
റോൾ നമ്പർ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |

Code No.
കോഡ് നമ്പർ **68/SS/O/MM**

SET **A**

# MALAYALAM

# മലയാളം

# (343)

Day and Date of Examination ____________________
(പരീക്ഷാ ദിവസവും തീയതിയും)

Signature of Invigilators 1. ____________________
(മേൽനോട്ടക്കാരന്റെ ഒപ്പ്)
2. ____________________

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യപേജിൽ പ്രിന്റുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **68/SS/O/MM-A** എഴുതേണ്ടതാണ്.



Unnati Educations
9899436384, 9654279279

# MALAYALAM

# മലയാളം

# (343)

**സമയം : 3 മണിക്കൂർ ]** **[ മാർക്ക് : 100**

**NOTE :** ആദ്യത്തെ **15** മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ച് മനസ്സിലാക്കുക.

---

**I.** താഴെ കൊടുത്തിരിക്കുന്ന **20** ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. ഓരോ മാർക്കു വീതം **20x1=20**

**1.** റാനഡെ ആർക്കാണ് നേര്യത് സമ്മാനിച്ചത് ?

(A) ഗാന്ധിജിക്ക് (B) ഗോപാലകൃഷ്ണ ഗോഖലെക്ക്

(C) നെഹ്റുവിന് (D) സുഭാഷ് ചന്ദ്ര ബോസിന്

**2.** 'പഞ്ചേന്ദ്രോപാഖ്യാനം' എന്ന കൃതിയുടെ കർത്താവ് ആര് ?

(A) എഴുത്തച്ഛൻ (B) കുഞ്ചൻ നമ്പ്യാർ

(C) ചെറുശ്ശേരി (D) പൂന്താനം

**3.** ' ആ വൃക്ഷം എത്ര വലുതായിരിക്കണം' ഏതു വൃക്ഷത്തെ കുറിച്ചാണ് ഈ പരാമർശം ?

(A) തെങ്ങ് (B) മാവ് (C) കമുക് (D) ഷജ്റത്തുൽ മുൻ താഹ

**4.** അയൽപക്കസ്നേഹം ഏതിന്റെ തുടക്കം എന്നാണ് ലേഖകൻ സൂചിപ്പിക്കുന്നത് ?

(A) പിതൃസ്നേഹത്തിന്റെ (B) സുഹൃത്ബന്ധത്തിന്റെ

(C) മാതൃസ്നേഹത്തിന്റെ (D) ഈശ്വര സ്നേഹത്തിന്റെ

**5.** 'വിട്ടയക്കുക' എന്ന കവിതയിൽ അടിമത്തത്തിൽ നിന്ന് മോചനം കിട്ടാൻ സമയമായി എന്ന് സൂചിപ്പിക്കുന്ന പ്രയോഗം ഏത് ?

(A) സുപ്രഭാതമടുത്തു (B) പഞ്ജരത്തിന്റെ ചുറ്റഴി

(C) മധുമാസപുലർക്കാറ്റ് (D) ജന്മഭൂമിയാം കാനനം മോഹനം

**6.** സോക്രട്ടീസിനെ വിഷം കൊടുത്ത് കൊന്നത് എന്ത് കുറ്റം ആരോപിച്ചായിരുന്നു ?

(A) രാജ്യദ്രോഹകുറ്റം ആരോപിച്ച്

(B) രാജാവിനെ വിമർശിച്ചു എന്ന കുറ്റം ആരോപിച്ച്

(C) ദൈവദ്രോഹകുറ്റം ആരോപിച്ച്

(D) സൈന്യത്തെ ഇളക്കിവിട്ടു എന്ന് ആരോപിച്ച്



Unnati Educations
9899436384, 9654279279

7. ' ഇന്നു ഞാൻ നാളെ നീ' എന്ന കവിത നൽകുന്ന ആശയതലം എന്ത് ?
(A) ജീവിതത്തിന്റെ അനശ്വരത
(B) ജീവിതത്തിൽ മരണമെന്നത് ഒരു യാഥാർഥ്യമാണ്
(C) യുദ്ധത്തിന്റെ ഭീകരത
(D) ദാരിദ്ര്യത്തിന്റെ ഭീകരത

8. എന്തു വന്നാലും കിണർ മൂടുകയില്ലെന്ന് ഉതുപ്പാൻ നിശ്ചയിച്ചത് എന്തുകൊണ്ട് ?
(A) കിണർ അയാളുടെ ജീവിത സർവസ്വമായതുകൊണ്ട്
(B) മറ്റു കിണറുകളിൽ നിന്നും വെള്ളം ലഭിക്കാത്തതുകൊണ്ട്
(C) പശുക്കൾക്ക് വെള്ളം കൊടുക്കേണ്ടി വന്നതിനാൽ
(D) നാട്ടുകാർക്ക് കുടിവെള്ളത്തിന് മറ്റു മാർഗങ്ങൾ ഇല്ലാത്തതിനാൽ

9. പുനരതിന് - പിരിച്ചെഴുതേണ്ടത് എങ്ങനെ ?
(A) പുന + രതിന്
(B) പുനര + അതിന്
(C) പുന + അതിന്
(D) പുന: + അതിന്

10. 'സുഖദു:ഖങ്ങൾ ഒരു മനസ്സോടെ പങ്കിട്ടനുഭവിക്കുന്ന ഗ്രാമത്തിന്റെ സ്നേഹാദരങ്ങൾ കഥയിൽ ഉടനീളം കാണാം' ഏതു കഥയിൽ ?
(A) കടൽത്തീരത്ത്
(B) ഉതുപ്പാന്റെ കിണർ
(C) ഒരാൾക്ക് എത്ര ഭൂമി വേണം
(D) മനുഷ്യപുത്രി

11. തന്റെ ആത്മാഭിമാനത്തിലേക്ക് പട നയിക്കുന്നത് 'ശ്രീഭഗവതി' എന്ന കഥയിലെ ഭർത്താവ് എന്ന കഥാപാത്രം സഹിച്ചത് എന്തുകൊണ്ട് ?
(A) ഭാര്യയുടെ അജ്ഞത ഓർത്ത്
(B) ഭാര്യയുടെ ദൈന്യത ഓർത്ത്
(C) ഭാര്യയുടെ ആരോഗ്യം ഓർത്ത്
(D) അയൽക്കാരുടെ വിഷമം ഓർത്ത്

12. കടംകഥയുടെ താവഴിയിൽ പിറന്ന കവി ആര് ?
(A) ദണ്ഡി (B) കടമ്മനിട്ട (C) ആശാൻ (D) കുഞ്ഞുണ്ണി

13. നാടുവാഴിക്ക് കപ്പവും ചുങ്കവും നഷ്ടപ്പെട്ടത് എന്തുകൊണ്ട് ?
(A) അധികാരം നഷ്ടപ്പെട്ടതുകൊണ്ട്
(B) കാലനില്ലാതായതോടെ
(C) ധനമില്ലാത്തതുകൊണ്ട്
(D) ദാരിദ്ര്യം നാട്ടിൽ പടർന്നതു കൊണ്ട്

14. അപ്പൻ മൗനവ്യതവും സത്യാഗ്രഹവും തുടങ്ങാൻ കാരണമെന്ത് ?
(A) നാടക സമിതിയുടെ പ്രവർത്തനം നിറുത്തിവെച്ചതുകൊണ്ട്
(B) നാടക ക്യാമ്പ് മക്കൾ ചേർന്ന് പിരിച്ചുവിട്ടതുകൊണ്ട്
(C) നാടകം നിർത്തിവയ്പ്പിച്ചതുകൊണ്ട്
(D) വാർധക്യത്തിൽ നാടകത്തിൽ അഭിനയിക്കേണ്ട എന്നു പറഞ്ഞതുകൊണ്ട്


Unnati Educations
9899436384, 9654279279

15. മലയാള സാഹിത്യത്തിൽ ജ്ഞാനപീഠ പുരസ്കാരം ജി. ശങ്കരകുറുപ്പിന് ലഭിച്ചത് ഏത് കൃതിക്കാണ് ?

(A) ഇന്നു ഞാൻ നാളെ നീ (B) വിശ്വദർശനം

(C) ഓടക്കുഴൽ (D) സൂര്യകാന്തി

16. കൃഷ്ണന്റെ കണ്ണുകളിൽ നിറയുന്നത് എന്താണെന്നാണ് ഉള്ളൂർ പറയുന്നത് ?

(A) ആഹ്ലാദം (B) കനിവ് (C) ദേഷ്യം (D) നിരാശ

17. നാടകവുമായി ബന്ധപ്പെട്ട് ജി.ശങ്കരപ്പിള്ളയ്ക്ക് നൽകുന്ന വിശേഷണം എന്ത് ?

(A) നാടകക്കളരിയുടെ പ്രയോക്താവ് (B) ആധുനിക നാടകത്തിന്റെ സൃഷ്ടാവ്

(C) നാടകത്തെ ജനകീയ കലയാക്കി (D) തെരുവുനാടകത്തിന്റെ ഉപജ്ഞാതാവ്

18. 'വന്നവഴിക്കു തിരിച്ചുപോയീടുവാൻ വയ്യല്ലോ ദേവനു പണ്ടും' ഈ വരികളിൽ സൂചിപ്പിക്കുന്ന ഭാവം എന്ത് ?

(A) നിസ്സഹായത (B) ദു:ഖം (C) അനുകമ്പ (D) അഹങ്കാരം

19. അവരുടെ മുഖത്ത് ദൈന്യം പടരുന്നു കണ്ണുകളിൽ നീറ്റ് കക്കകൾ പുകയുന്നു - ആരുടെ അവസ്ഥയാണ് ഇവിടെ ലേഖകൻ വിശദീകരിക്കുന്നത് ?

(A) കുഞ്ഞാത്തോലമ്മയുടേത്

(B) മനോജിന്റെ അമ്മയുടേത്

(C) ശ്രീഭഗവതി എന്ന കഥയിലെ നായികയുടേത്

(D) മനോജിന്റെ ഭാവി വധുവിന്റേത്

20. 'കണ്ണാന്തളിപ്പൂക്കളുടെ കാലം' എന്ന ലേഖനത്തിനുള്ള ഏറ്റവും നല്ല വിശേഷണം ഏത് ?

(A) നഷ്ടബോധത്തിന്റെ സങ്കീർത്തനം

(B) ബാല്യകാലത്തിന്റെ ഓർമ്മ

(C) പ്രകൃതിയിലും മനുഷ്യജീവിതത്തിനും വരുത്തിയ പരിവർത്തനം

(D) വർത്തമാനകാല അനുഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തൽ

II. **ഏതെങ്കിലും 5 എണ്ണത്തിന് ഒറ്റവാക്കിൽ** ഉത്തരമെഴുതുക. **ഒരു മാർക്കു** വീതം **5x1=5**

21. 'വിട്ടയയ്ക്കുക' കൂട്ടിൽ നിന്ന് . എന്ന് കിളി ആവശ്യപ്പെടുന്നത് എന്തിനു വേണ്ടിയാണ് ?

22. ആരുടെ കാര്യത്തിലാണ് കുഞ്ഞുപാത്തുമ്മ ഇത്രയേറെ തലപൊക്കുന്നത് ?

23. 'ഉണ്ണികൾക്കേറ്റം പ്രധാനനായുള്ളവൻ' എന്ന് ഗാന്ധാരി ആരെയാണ് വിശേഷിപ്പിക്കുന്നത്?



Unnati Educations
9899436384, 9654279279

24. 'ശ്രീഭഗവതി' എന്ന കഥയിൽ അഭ്യന്തര വിപ്ലവം എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

25. ജവഹർലാൽ നെഹ്റുവിന്റെ ആത്മകഥയുടെ പേര് എന്താണ് ?

**III. ഏതെങ്കിലും 5 എണ്ണത്തിൽ** വിട്ടുപോയ ഭാഗം പൂരിപ്പിക്കുക. **ഒരു മാർക്കു** വീതം **5x1=5**

26. കുഞ്ഞുപാത്തുമ്മയുടെ മുറിവ് വച്ചുകെട്ടിയ ചെറുപ്പക്കാരന്റെ ഇടതു കൈയിൽ __________ ഇല്ലായിരുന്നു.

27. ആ കോളറും ധരിച്ച് കോടതിയിൽ ചെന്ന എനിക്ക് മറ്റു __________ പരിഹാസം ഏൽക്കേണ്ടിവന്നു.

28. നല്ല മരതകക്കല്ലിനോടൊത്തൊരു __________ കുമാരൻ മനോഹരൻ.

29. അവന്റെ ഹൃദയശുദ്ധിയുടെ അടിത്തട്ട് കാണാനെന്നവണ്ണം __________ ചുഴിഞ്ഞിറങ്ങി.

30. ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന __________ കാറ്റു പിടിച്ചു.

**IV. ഏതെങ്കിലും 5 എണ്ണം തെറ്റോ ശരിയോ** എന്ന് രേഖപ്പെടുത്തുക, ഓരോ മാർക്കു വീതം **5x1=5**

31. മഹാഭാരതം കിളിപ്പാട്ടിലെ രൗദ്രരസം നിറഞ്ഞ ഒരു സന്ദർഭമാണ് ഗാന്ധാരീവിലാപം.

32. നോവലിനോളം വിവരണാത്മകത കഥയ്ക്കില്ല.

33. വെള്ളായിയപ്പന്റെ കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര മകന് പൊതിച്ചോറ് കൊടുക്കാൻ വേണ്ടിയായിരുന്നു.

34. 1947 ഓഗസ്റ്റ് പതിനാലാം തീയതി അർദ്ധരാത്രിയിൽ ഗാന്ധിജി നവഖാലിയിലായിരുന്നു.

35. കർണ്ണപർവത്തിലെ അപ്പൻ എന്ന കഥാപാത്രം ഒരു തരികിട കക്ഷിയായിരുന്നു.

**V. ഏതെങ്കിലും 5 എണ്ണം** ചേരുംപടി ചേർക്കുക.(രണ്ടു ഭാഗവും എഴുതണം). **ഒരു മാർക്കു** വീതം **5x1=5**

| | | |
|---|---|---|
| 36. ഒ.വി. വിജയൻ | - | കളിപട്ടം |
| 37. എസ്.ആർ. ലാൽ | - | കാലം |
| 38. ജി.ശങ്കരക്കുറുപ്പ് | - | പാട്ടബാക്കി |
| 39. എം.ടി.വാസുദേവൻ നായർ | - | ഖസാക്കിന്റെ ഇതിഹാസം |
| 40. ഇടശ്ശേരി ഗോവിന്ദൻ നായർ | - | വിശ്വദർശനം |



Unnati Educations
9899436384, 9654279279

VI. ഏതെങ്കിലും 5 എണ്ണത്തിന് പകരം പദം എഴുതുക. ഒരു മാർക്കു വീതം 5x1=5

41. പോര്

42. നീരവം

43. മകുടം

44. ഹരിതം

45. ഗാത്രം

VII. ചേർത്തെഴുതുക ഏതെങ്കിലും 5 എണ്ണം. **ഒരു മാർക്കു** വീതം. 5x1=5

46. വിരോധ + ആഭാസം

47. ശരീരത്തിൽ + അവർക്കില്ല

48. കുടുംബ + പെരുമ

49. വിശേഷ + ഉക്തി

50. തീവണ്ടി + ആപ്പീസിൽ

VIII. **ഏതെങ്കിലും 10 എണ്ണത്തിന്** 20-25 വാക്കുകളിൽ ഉത്തരമെഴുതുക. **2 മാർക്കു** വീതം 10x2=20

51. മാപ്പിള വീട്ടുകാരുടെ വ്യത്യാസങ്ങൾ ഏതൊക്കെയാണെന്നാണ് ലേഖകൻ സൂചിപ്പിക്കുന്നത് ?

52. പാലും പ്രാണനുമൊത്തവൻ എന്ന് കൃഷ്ണനെ കവി വിശേഷിപ്പിച്ചതിന്റെ ഔചിത്യം എന്ത് ?

53. ആ ചെറുനഗരത്തിൽ പലയിടത്തും ഉതുപ്പാനെ കാണാം. എവിടെയെല്ലാം ?

54. വെള്ളായിയപ്പന്റെ ചിന്തകൾ പ്രകൃതിയിൽ എപ്രകാരം പ്രതിഫലിച്ചു ?

55. നീയാണെന്റെ ശ്രീഭഗവതി എന്ന ഭർത്താവിന്റെ വാക്കുകൾക്ക് പിന്നിലെ വികാരം വിശകലനം ചെയ്യുക.

56. കർണ്ണപർവത്തിലെ അപ്പൻ കവലയിൽ ഇറങ്ങി കാട്ടിക്കൂട്ടിയത് എന്തൊക്കെയാണ് ?



Unnati Educations
9899436384, 9654279279

57. പാരമ്പര്യങ്ങളെ തള്ളിക്കളയാൻ ആവില്ലെന്ന് മുത്തശ്ശി പറയുന്നത് എന്തുകൊണ്ട് ?

58. ഓമൽ തേൻ ചോരിവായ് - കൃഷ്ണന്റെ വായയെ കവി ഇങ്ങനെ വിശേഷിപ്പിച്ചത് എന്തുകൊണ്ടാവാം ?

59. വന്നേരിക്കാരോട് മത്സരിക്കാൻ തങ്ങൾക്കാവില്ല എന്ന് ലേഖകൻ പറയുന്നത് എന്തുകൊണ്ട് ?

60. കലയും കാലവും തമ്മിലുള്ള അനുസ്യൂത ബന്ധത്തിന് ആസ്പദമായ നിയമം എന്ത് ?

61. കടങ്കഥയുടെ പാരമ്പര്യത്തിന് അത് പ്രാചീന സംസ്കാരങ്ങളോളം പഴക്കമുണ്ട് എന്ന് പറയുന്നത് എന്തുകൊണ്ട് ?

62. കോവിലകത്ത് മാളികമേൽ പെണ്ണുങ്ങളെ കൊണ്ടുപോയ് വെച്ച് സുഖിച്ചവരുടെ ഇപ്പോഴത്തെ അവസ്ഥ എന്ത് ?

63. കുരുവികളുടെ വഴക്കുകൂടൽ കുഞ്ഞുപാത്തുമ്മയുടെ മനസ്സിൽ എന്ത് ചിത്രമാണ് കൊണ്ടുവന്നത് ?

64. തനിനാടൻ കടങ്കഥകളിൽ നിത്യ പരിചയത്തിലുള്ള പ്രവൃത്തികളും വസ്തുതകളുമാണ് പ്രതിപാദ്യവിഷയങ്ങൾ, ഒരു ഉദാഹരണം എഴുതുക.

65. അയൽക്കാരെപ്പറ്റി ഷേക്സ്പിയർ എന്താണ് എഴുതിയത് ?

**IX. ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് 40-45** വാക്കുകളിൽ ഉത്തരമെഴുതുക. **3** മാർക്കു വീതം **5x3=15**

66. തേവൻ വേണുവിന്റെ ഊന്നുവടി ഒടിച്ചു കളഞ്ഞത് എന്തിന് ?

67. കാലനില്ലാത്ത കാലം ഒരു സാങ്കല്പിക രചനയാണെന്ന് പറയുന്നത് എന്തുകൊണ്ട് ?

68. 'ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു' എന്ന നോവൽ ഭാഗത്ത് പ്രകടമാകുന്ന പ്രപഞ്ച വീക്ഷണത്തെ കുറിച്ച് വിശദീകരിക്കുക.

69. 'ഇന്നു ഞാൻ നാളെ നീ' എന്ന കവിത നൽകുന്ന സന്ദേശം എന്ത് ?

70. ഗ്രീസിലെ ചിന്തകന്മാരും കലാകാരന്മാരും ദന്തഗോപുരത്തിൽ അല്ല ജീവിച്ചത് എന്ന് ലേഖകൻ അഭിപ്രായപ്പെടാൻ കാരണമെന്ത് ?



Unnati Educations
9899436384, 9654279279

71. കൂട്ടിലെ കിളിയുടെ തീവ്രദു:ഖം എന്നതിനപ്പുറം മനുഷ്യവർഗം നേടേണ്ട സ്വാതന്ത്ര്യത്തേക്കുറിച്ചുള്ള സൂചനകളാണ് 'വിട്ടയക്കുക' എന്ന കവിതയുടെ ഉള്ളടക്കം സമർത്ഥിക്കുക.

72. വിശദീകരണങ്ങളില്ലാതെ എല്ലാം മനസ്സിലാക്കാനുള്ള കഴിവ് ഒരമ്മയ്ക്ക് ശാപമാണ് എന്ന് ഡോക്ടർ നിരീക്ഷിക്കാൻ കാരണമെന്ത് ?

73. കണ്ണാന്തളിപ്പൂക്കൾക്ക് കാലാന്തരത്തിൽ വന്ന മാറ്റം ലേഖകൻ സൂചിപ്പിക്കുന്നത് എന്ത് ?

X. താഴെ പറയുന്ന ചോദ്യങ്ങൾക്ക് **100-150** വാക്കുകളിൽ ഉത്തരമെഴുതുക. **5** മാർക്കു വീതം **3x5=15**

74. (എ) 'സബർമതി ദൂരെയാണ് ' എന്ന നാടകം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളും സന്ദേശങ്ങളും ആനുകാലികമായി വളരെ പ്രസക്തിയുള്ളതാണ്. വിശദമാക്കുക.

**അല്ലെങ്കിൽ**

(ബി) കാവ്യഭംഗി, അലങ്കാരഭംഗി, താളനിബദ്ധത, പ്രയോഗഭംഗി ഇവയെല്ലാം ഒത്തിണങ്ങിയ സാഹിത്യരൂപമാണ് കടങ്കഥകൾ. ഉദാഹരണങ്ങൾ ഉദ്ധരിച്ച് സമർത്ഥിക്കുക.

75. (എ) 'കാലനില്ലാത്ത കാലം' എന്ന കവിതാഭാഗത്തിലെ ആശയങ്ങൾ കൂടി ഉൾപ്പെടുത്തി തുള്ളൽ കൃതികളിലെ ഫലിത പരിഹാസങ്ങൾ, സാമൂഹിക വിമർശനം, എന്നിവയെക്കുറിച്ച് വിവരിക്കുക.

**അല്ലെങ്കിൽ**

(ബി) ഭാരതത്തിന്റെ സ്വാതന്ത്ര്യസമരം മാത്രമല്ല സ്ത്രീകളുടെ സ്വാതന്ത്ര്യബോധവും 'വിട്ടയക്കുക' എന്ന കവിതയുടെ ഉള്ളടക്കമാണ്. ഈ വിഷയത്തെ അടിസ്ഥാനമാക്കി സ്വാഭിപ്രായം വിശദമാക്കുക.

76. (എ) 'കിണർ' ജീവനുള്ള ഒരു കഥാപാത്രമായി 'ഉതുപ്പാന്റെ കിണർ' എന്ന കഥയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.' ഈ പ്രസ്താവന വിലയിരുത്തുക.

**അല്ലെങ്കിൽ**

(ബി) 'കടൽത്തീരത്ത് 'എന്ന കഥയിൽ പൊതിച്ചോറിന് സവിശേഷമായ സ്ഥാനമാണുള്ളത്. കഥ വിശകലനം ചെയ്ത് ഈ പ്രസ്താവനയോട് പ്രതികരിക്കുക.

- o O o -



Unnati Educations
9899436384, 9654279279